# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1731    13.7.2011ൽ മറുപടിക്ക്**

## മുൻസർക്കാർ കൈത്തറി മേഖലയുടെ വികസനത്തിനായി കൈക്കൊണ്ട നടപടികൾ

**ചോദ്യം**

ശ്രീ. ടി. വി. രാജേഷ് :

എ) മുൻ സർക്കാരിന്റെ കാലത്ത് കൈത്തറി മേഖലയുടെ വികസനത്തിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടതായി വ്യക്തമാക്കുമോ ;

**ഉത്തരം**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി)

എ) മുൻ സർക്കാരിന്റെ കാലത്ത് കൈത്തറി മേഖലയുടെ വികസനത്തിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു :-

1. നെയ്ത്തുകാർക്ക് അസംസ്കൃത വസ്തുക്കൾ ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നതിന് നൂലിനും ചായങ്ങൾക്കും സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കി.
2. നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കി.
3. നിലവിലുള്ള 20% റിബേറ്റിനു പുറമേ സ്കൂൾ സീസണിൽ സ്കൂൾ യൂണിഫോമിനു 10% അധിക റിബേറ്റു നടപ്പാക്കി.
4. 10% മാർക്കറ്റിങ് ഇൻസെന്റീവ് നൽകി വരുന്നു.
5. സർക്കാർ ജീവനക്കാരും പൊതുജനങ്ങളും ആഴ്ചയിൽ രണ്ടു ദിവസം കൈത്തറി/ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്ന് നിർദ്ദേശം നൽകി.
6. ജില്ലകൾതോറും വിഷു, ഓണം, ക്രിസ്തുമസ് ഉത്സവ സീസണുകളിൽ കൈത്തറി പ്രദർശനങ്ങൾ സംഘടിപ്പിച്ചു.
7. കൈത്തറി നെയ്ത്തുകാർക്ക്

വേണ്ടി കേന്ദ്ര ഗവൺമെന്റും ഐ.സി.ഐ.സി.ഐ.യുമായി ചേർന്ന് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി.

8. ഫാക്ടറി മാതൃക കൈത്തറി സംഘങ്ങൾക്കു പുനരുദ്ധാരണ പദ്ധതി പ്രകാരം താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കി.
   എ) പ്രവർത്തന മൂലധനത്തിന്റെ കുറവുകൊണ്ട് പ്രവർത്തന രഹിതമായ തറികൾ പുനരുദ്ധരിക്കാൻ ധനസഹായം നൽകി.
   ബി) ഉത്പന്ന വൈവിധ്യവൽക്കരണത്തിനു ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി.
   സി) നെയ്ത്തുകാർക്ക് പ്രൊവിഡന്റ് ഫണ്ട്, ഇ.എസ്.ഐ വിഹിതം കുടിശ്ശിക നീക്കാൻ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി.
9. നെയ്ത്തുകാർക്ക് നെയ്ത്തു നൂൽ ന്യായവിലയ്ക്ക് ലഭിക്കുന്നതിനായി ഹാന്റക്സ്, ഹാൻവീവ് എന്നിവ കൂടാതെ എറണാകുളം, കോഴിക്കോട്, കണ്ണൂർ, തിരുവനന്തപുരം, കളമച്ചൽ, മൈക്കളി എന്നീ യാൺ ബാങ്കുകൾ ആരംഭിച്ചു.
10. ഭൗമസൂചക ആക്ട് അനുസരിച്ച് കുത്താമ്പുള്ളി സാരിയ്ക്കും, കാസർഗോഡ് സാരിയ്ക്കും, ബാലരാമപുരം കൈത്തറിയ്ക്കും കണ്ണൂർ ഹോം ഫർണിഷിംഗ് ഉൽപ്പന്നങ്ങൾക്കും ജി.ഐ അംഗീകാരം ലഭിച്ചു.
11. ഹാന്റക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് റിബേറ്റ് കുടിശ്ശിക നൽകി.
12. കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി വ്യാപകമായ രീതിയിൽ പ്രചരണങ്ങൾ നൽകി.

13. കൈത്തറി സഹകരണ സംഘങ്ങൾക്ക് കഴിനൂൽ ലഭ്യമാക്കാൻ കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിലും, ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിലും, തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിലും കഴിനൂൽ ഉല്പാദനം ആരംഭിച്ചു.

14. കൈത്തറി മേഖലയിൽ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും അവരെ തൊഴിലിൽ തുടരാൻ പ്രേരിപ്പിക്കുന്നതിനുമായി ഗവൺമെന്റ് "ഇൻകം സപ്പോർട്ട് സ്കീം" എന്ന പേരിൽ ഒരു പുതിയ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കി.

15. കേന്ദ്ര ഗവൺമെന്റ് എൽ.ഐ.സി. യുമായി ചേർന്ന് കൈത്തറി നെയ്ത്തുകാർക്കായി ഇൻഷുറൻസ് പദ്ധതിയും കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് സ്റ്റൈപന്റ് നൽകുന്ന പദ്ധതിയും നടപ്പിലാക്കി.

16. പ്രാദേശിക ബ്രാന്റുകളെ തെരഞ്ഞെടുത്ത് ബ്രാന്റ് വികസിപ്പിക്കുന്നതിനായി കണ്ണൂർ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജിയ്ക്ക് സാമ്പത്തിക സഹായം നൽകി പുഷ്ടലപ്പെടുത്തി.

17. ഫാക്ടറി ടൈപ്പ് കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് മിനിപ്രീലും പ്രോസസ് സെന്റർ (വാർപ്പിംഗിനും, സൈസിംഗിനുമുള്ള യൂണിറ്റുകൾ) സ്ഥാപിക്കുന്നതിന് ധനസഹായവും, ഓഹരി പങ്കാളിത്തവും നൽകി.

18. കൈത്തറി നെയ്ത്തുകാരുടെ/ തൊഴിലാളികളുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കലും പുതിയ സാങ്കേതിക വിദ്യയുടെ കൈമാറ്റവും എന്ന പദ്ധതി നടപ്പിലാക്കി.

| | |
|---|---|
| | 19. കൈത്തറിയുടെ ഗുഡ്‌വിൽ അംബാസിഡറായി ശ്രീ. മോഹൻലാലിനെ നിയമിച്ചു. |
| ബി) സ്കൂൾ കുട്ടികളുടെ യൂണിഫോമായി കൈത്തറി ഉപയോഗിക്കണമെന്ന നിർദ്ദേശം നിലവിലുണ്ടോ ; | ബി) സ്കൂൾ കുട്ടികളുടെ യൂണിഫോമായി കൈത്തറി ഉപയോഗിക്കണമെന്ന് ഗവൺമെന്റ് ബന്ധപ്പെട്ടവരോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| സി) സർക്കാർ ജീവനക്കാർ ആഴ്ചയിൽ ഒരു ദിവസം കൈത്തറി വസ്ത്രം ധരിക്കണമെന്ന മുൻസർക്കാർ നിർദ്ദേശം ഇപ്പോൾ നടപ്പാക്കുന്നുണ്ടോ ; ഇല്ലെങ്കിൽ നടപ്പിലാക്കാൻ ശ്രമിക്കുമോ? | സി) ഉണ്ട്. |

സെക്ഷൻ ഓഫീസർ